ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതികം - വിദ്യാഭ്യാസം - **SITTTR** കളമശ്ശേരി - അഡ്മിഷൻ - അഡ്മിഷൻ പോർട്ടലിൽ - സോഫ്റ്റ് വെയർ ടീം - രൂപീകരിക്കുന്നത് സംബന്ധിച്ച് - മേപ്പാടി ഗവ. പോളിടെക്നിക് കോളേജ് - ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനിയറിംഗ്) വിഭാഗം - ശ്രീ രമേശ് എം -നെ വിടുതൽ ചെയ്യുന്നത് സംബന്ധിച്ച്.

---

**ജീവനക്കാര്യം (ബി) വിഭാഗം**

**നം.DTETVM/7005/2025-EB3 (EB)** **തിരുവനന്തപുരം, തീയതി : 23-08-2025**

---

വായന :-

1. ഈ കാര്യാലയത്തിൽ നിന്നുമുള്ള **04.06.2025** തീയതിയിലെ **DTETVM/6201/2024-SBTE1(PLA)(1)** നം. കത്ത്.
2. കളമശ്ശേരി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് & റിസർച്ച് - ജോയിൻറ് ഡയറക്ടറുടെ **10.07.2025** തീയതിയിലെ പി3-**277/2025** നം. കത്ത്.

**<u>ഉത്തരവ്</u>**

മേൽ വായന **(1)** പ്രകാരം അഡ്മിഷൻ പോർട്ടൽ, **TEAMS** പോർട്ടൽ, **sitttrkerala.ac.in, Training, Internship** പോർട്ടലുകൾ എന്നിവ മെയിൻറെയിൻ ചെയ്യുന്നതിനായി സോഫ്റ്റ് വെയർ ടീം രൂപീകരിക്കുന്നതിനായി **5** അംഗങ്ങളെ ശിപാർശ ചെയ്യുവാൻ ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശിച്ചിരുന്നു .ആയതിൻ പ്രകാരം അംഗങ്ങളെ പ്രസ്തുത കാര്യനിർവ്വഹണത്തിനായി മേൽ വായന **(2)** പ്രകാരം ശിപാർശചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ, സോഫ്റ്റ് വെയർ ടീം രൂപീകരിക്കുന്നതിൻറെ ഭാഗമായി **5** അംഗങ്ങളെ ശിപാർശ ചെയ്തതിൽ മേപ്പാടി ഗവ. പോളിടെക്നിക് കോളേജ് , ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ ഹാർഡ് വെയർ എഞ്ചിനിയറിംഗ്) വിഭാഗം ശ്രീ രമേശ് എം-നെ മേൽ വായന **(1)**-ലെ ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിച്ചുകൊണ്ട് ഉത്തരവാകുന്നു.

**(i)** പ്രസ്തുത ടീമിലേക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരൻറെ സേവന കാര്യങ്ങൾ **(service matters)** സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത് മാതൃസ്ഥാപനത്തിലായിരിക്കണം.

**(ii)** മുകളിൽ പറഞ്ഞ ടീമിലേക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാരൻറെ സേവനത്തിന് പകരമായി മാതൃസ്ഥാപനത്തിലേക്ക് താത്കാലിക ജീവനക്കാരെ നിയോഗിക്കാവുന്നതും അങ്ങനെ നിയമിക്കുന്ന താത്കാലിക ജീവനക്കാർക്കുള്ള വേതനം **SBTE** ഫണ്ടിൽ നിന്ന് കണ്ടെത്തേണ്ടതുമാണ്.

സ്ഥാപനമേധാവി ടിയാനെ വിടുതൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ടിയാൻറെ വിടുതൽ / ചേരും കാലം സ്ഥാപന മേധാവികൾ ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

**JD (IIIC) DTE**

**JOINT DIRECTOR (IIIC)**

സ്വീകർത്താവ്,

1. ഈ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (**www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Signed by
Ashalatha R
Date: 23-08-2025 15:51:49